**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 597** **08-10-2024 - ൽ മറുപടിയ്ക്ക്**

**ഇ-കൊമേഴ്സ് പോർട്ടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഇ-കൊമേഴ്സ് പോർട്ടലിലൂടെ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉല്പന്നങ്ങളാണ് ഓൺലൈനായി വാങ്ങാൻ കഴിയുന്നത് എന്ന വിവരം അറിയിക്കാമോ; | (എ) | ഇ- കൊമേഴ്സ് പോർട്ടലിലൂടെ ചുവടെ ചേർത്തിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങളാണ് ഓൺലൈനായി വാങ്ങാൻ കഴിയുന്നത്.<br><br>ഇ- കൊമേഴ്സ് പോർട്ടലിലൂടെ ചുവടെ ചേർത്തിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങളാണ് ഓൺലൈനായി വാങ്ങാൻ കഴിയുന്നത്.<br><br>1.കെൽട്രോൺ [കെൽട്രോൺ എക്യുപ്മെന്റ് കോംപ്ലക്സ് , ലൈറ്റിംഗ് ഡിവിഷൻ & കൊക്കോണിക്സ്]<br><br>2.ഹാന്റക്സ്<br><br>3.കയർഫെഡ്<br><br>4.കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്<br><br>5.ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്<br><br>6.കേരള സംസ്ഥാന കയർ കോർപ്പറേഷൻ<br><br>7.കേരള കരകൗശലവികസന കോർപ്പറേഷൻ<br><br>8.കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ<br><br>9.കേരള സ്റ്റേറ്റ് കയർ മെഷിനറി മാന്യുഫാക്ച്ചറിംഗ് കമ്പനി ലിമിറ്റഡ്<br><br>10.കെ.സി.സി.പി. ലിമിറ്റഡ്<br><br>11.ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്<br><br>12.കാപെക്സ്<br><br>13.കെൽപാം<br><br>14.കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസ്സ് ലിമിറ്റഡ് (കേരള സോപ്പ് യൂണിറ്റ്) |

| | | | |
|---|---|---|---|
| | | | 15.ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്<br><br>16.കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ<br><br>17.കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ്<br><br>18.കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷൻ ലിമിറ്റഡ് (കോമളപുരം സ്പിന്നിംഗ് & വീവിംഗ് മിൽസ്)<br><br>19.കേരള സ്റ്റേറ്റ് ഹാന്റ് ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്<br><br>20.മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്<br><br>21.കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡ്<br><br>22.സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് |
| (ബി) | പ്രസ്തുത പോർട്ടലിന്റെ സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്; വ്യക്തമാക്കാമോ? | (ബി) | പ്രസ്തുത പോർട്ടലിന്റെ സുഗമമായ പ്രവർത്തനം ഉറപ്പു വരുത്തുന്നതിന് ചുവടെ ചേർത്തിട്ടുള്ള സംവിധാനങ്ങളാണ് ഒരുക്കിയിരിക്കുന്നത്.<br><br>1.ഉപഭോക്താക്കൾക്ക് ഓൺലൈനിൽ ഉല്പന്നങ്ങൾ തെരയുന്നതിനും ഓർഡർ നൽകുന്നതിനും സൗകര്യപ്രദമായ വെബ് പ്ലാറ്റ് ഫോമിന് പുറമേ ആൻഡ്രോയിഡ് അടിസ്ഥാനമാക്കിയ മൊബൈൽ ആപ്ലിക്കേഷനും സജ്ജമാക്കിയിട്ടുണ്ട്. ഉല്പന്നങ്ങൾ വേഗത്തിൽ കണ്ടെത്തുന്നതിനായി Filtering / Sorting സംവിധാനം ലഭ്യമാണ്. കൂടാതെ തെരയുന്ന ഉല്പന്നങ്ങളുടെ പൂർണ്ണ വിവരണവും ലഭ്യമാക്കിയിട്ടുണ്ട്.<br><br>2.രാജ്യത്തെ വിവിധയിടങ്ങളിൽ ഉപഭോക്താക്കൾക്ക് ഉല്പന്നങ്ങൾ എത്തിച്ചു നൽകുന്നതിന് ഇന്ത്യൻ പോസ്റ്റിനെയാണ് വിതരണ ചുമതല ഏൽപ്പിച്ചിരിക്കുന്നത്.<br><br>3.പഞ്ചാബ് നാഷണൽ ബാങ്ക് വഴിയാണ് Payment Gateway സംവിധാനം ഒരുക്കിയിട്ടുള്ളത്.<br><br>4.ഉപഭോക്താക്കൾക്ക് ഓർഡർ / ഡെലിവറി അപ്ഡേറ്റുകൾക്കായി SMS സംവിധാനം സജ്ജമാക്കിയിട്ടുണ്ട്.<br><br>5.സമയബന്ധിതമായി പരാതി പരിഹരിക്കുന്നതിനും, അന്വേഷണത്തിനും ഉതകുന്നതരത്തിലുള്ള ഒരു പ്രൊഫഷണൽ കോൾ സെന്റർ ഉപഭോക്തൃ സേവനത്തിനായി ഒരുക്കിയിട്ടുണ്ട്.<br><br>6.കെൽട്രോണിന്റെ ഡാറ്റാ സെന്റർ മുഖേന, പരിചയസമ്പത്തുള്ള മികച്ച ഐ.റ്റി ടീമിനെ |

| | | | |
|---|---|---|---|
| | | | നിയോഗിച്ചാണ് ഇ-കൊമേഴ്സ് പോർട്ടൽ കൈകാര്യം ചെയ്യുന്നത്. കൂടാതെ നിലവിലെ സിസ്റ്റം ലോഡിനും ഉയർന്ന ലോഡ് ആവശ്യകതകളിൽ സ്കേലബിലിറ്റിക്കുമായി എല്ലാ വ്യവസ്ഥകളും നിലവിൽ ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ